I/63795/2022

No.DWCD/3865/2022-B2

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി :27-10-2022
Email -wcd@kerala.gov.in
Phone : 0471 – 2346534,2346508

## പരിപത്രം

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ജീവനകാരുടെയും അങ്കണവാടി പ്രവർത്തകരുടെയും വിടുതൽ തീയതികൾ SPARK ൽ update ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന: (1) സർക്കാർ പരിപത്രം നമ്പർ.64/2019/ധന തിയതി 01/07/2019
(2) സർക്കാർ പരിപത്രം നമ്പർ.56/2020/ധന തിയതി 06/10/2020
(3) സർക്കാർ പരിപത്രം നമ്പർ98/2021/ധന തിയതി25/10/2021

SPARK എന്നത് സർക്കാരിന്റെ ഒരു ആധികാരിക സോഫ്റ്റ്‌വെയർ ആണെന്നിരിക്കെ ആയത് കൈകാര്യം ചെയ്യുന്നതിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിലും വളരെ ശ്രദ്ധയും കൃത്യതയും പുലർത്തേണ്ടതാണെന്നും സൂചന സർക്കുലറുകൾ മുഖേന നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ പല കീഴ് കാര്യാലയങ്ങളിലും വിശിഷ്യാ ശിശു വികസന ഓഫീസുകളിൽ സേവനമനുഷ്ടിക്കുന്നതും spark മുഖേന സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായ ജീവനക്കാർ സ്ഥിര /താത്കാലിക അങ്കണവാടി ജീവനക്കാർ /സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർ എന്നിവരെ സേവന കാലാവധിക്ക് ശേഷം SPARK ൽ വിടുതൽ ചെയ്യുന്ന വിഷയത്തിൽ സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും അതിനു ശേഷം തിരുത്തൽ വരുത്തുന്നതിന് ഈ കാര്യാലയത്തിലേക്ക് അയക്കുന്നതും നിരന്തര പ്രവണതയായി കണ്ടു വരുന്നു. കീഴ് കാര്യാലയ മേധാവികൾ സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് കാരണം ഈ കാര്യാലയത്തിലെ ജോലി ഭാരം വർദ്ധിക്കുന്നുയെന്നു മാത്രമല്ല ബന്ധപെട്ടവർക്ക് നിരവധി കഷ്ട്ട നഷ്ടങ്ങൾ ഉണ്ടാകുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. SPARK ൽ ഓരോ വിവരവും അപ്ഡേറ്റ് ചെയ്യപ്പെടുന്നതിന് മുമ്പ് ആയത് ഉറപ്പ് വരുത്തുന്നതിന് spark ൽ നിന്നുള്ള സൂചന സന്ദേശം (Warning Message) DDO മാർ കണ്ട് അംഗീകരിച്ച ശേഷമാണ് അപ്ഡേഷന് നടത്തേണ്ടതെന്ന് പരാമർശിത സർക്കുലറുകളിൽ സർക്കാർ വ്യക്തമാകിയിട്ടുണ്ടെങ്കിലും spark ൽ വരുന്ന സൂചനാ സന്ദേശങ്ങൾ (Warning Message) DDO മാർ അവഗണിക്കുന്നതിനാലാണ് ഇത്തരം തെറ്റുകൾ സംഭവിക്കപ്പെടുന്നത് എന്നതിൽ തർക്കമില്ല.

ഈ സാഹചര്യത്തിൽ spark മുഖേന സാമ്പത്തിക അനുകൂല്യങ്ങൾ അനുവദിക്കപെടുന്ന ജീവനകാർ, സ്ഥിര/താൽകാലിക അങ്കണവാടി വർക്കർ ഹെൽപ്പർ മുതലായവരുടെ സ്ഥിര /താൽകാലിക സേവനം അവസാനിക്കുന്ന തീയതിയിൽ തന്നെയാണ് SPARKൽ നിന്ന് വിടുതൽ ചെയ്യുന്നതെന്ന് കാര്യാലയ മേധാവികൾ വ്യക്തിപരമായി ഉറപ്പുവരുത്തി മാത്രമേ spark updation നടത്താവൂയെന്നു കർശനമായി നിർദേശിക്കുന്നു. അതായത് സേവനം അവസാനിപ്പിക്കുന്ന / അവസാനിച്ച തീയതിയും വിടുതൽ തിയതിയായി spark ൽ നൽകുന്ന തീയതിയും ഒന്ന് തന്നെ

I/63795/2022

ആയിരിക്കേണ്ടതാണ്

ഈ പരിപത്ര തിയതിക്ക് ശേഷവും വിട്ടുതൽ തീയതി സംബന്ധമായ വിവരങ്ങൾ SPARKൽ തെറ്റായി വരുത്തുന്ന കാര്യാലയ മേധാവിയുടെയും ബന്ധപ്പെട്ട ജീവനക്കാരുടെയും പേരിൽ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ I/C

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

പകർപ്പ്:

സെക്ഷൻ/ സ്റ്റോക്ക് ഫയൽ /സ്പെയർ